15 -ാം കേരള നിയമസഭ

12 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2211 — 14-10-2024 - ൽ മറുപടിയ്ക്ക്

റേഷൻ ഉപഭോക്താക്കളുടെ മസ്റ്ററിംഗ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | റേഷൻ ഉപഭോക്താക്കളുടെ മസ്റ്ററിംഗ് ആരംഭിച്ചിട്ടുണ്ടോ; ഏതെല്ലാം കാർഡുടമകളാണ് മസ്റ്ററിംഗ് നടത്തേണ്ടത്; വിശദമാക്കാമോ; | (എ) | ഉണ്ട്. മഞ്ഞ, പിങ്ക് കാർഡുകളിൽ ഉൾപ്പെട്ട എല്ലാ ഗുണഭോക്താക്കളും e KYC അപ്ഡേറ്റ് ചെയ്യേണ്ടതായുണ്ട്. |
| (ബി) | റേഷൻ കാർഡുടമകളുടെ മസ്റ്ററിംഗ് നടത്തുന്നതിനായി എന്തെല്ലം ക്രമീകരണങ്ങളാണ് നടത്തിവരുന്നത്; വിശദമാക്കാമോ? | (ബി) | 2024 സെപ്റ്റംബർ 18 മുതൽ 24 വരെ തിരുവനന്തപുരം ജില്ലയിൽ മാത്രമായും, സെപ്റ്റംബർ 25 മുതൽ ഒക്ടോബർ 1 വരെ കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ ജില്ലകളിലും, ഒക്ടോബർ 3 മുതൽ 8 വരെ പാലക്കാട്, കോഴിക്കോട്, വയനാട്, കണ്ണൂർ, മലപ്പുറം, കാസർഗോഡ് ജില്ലകൾ എന്ന ക്രമത്തിൽ ഘട്ടം ഘട്ടമായി അപ്ഡേഷൻ നടപടികൾ നിർവ്വഹിച്ചിട്ടുണ്ട്. മസ്റ്ററിംഗിനുള്ള സമയപരിധി ഒക്ടോബർ 25 വരെ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. കിടപ്പ് രോഗികൾ, ഇ പോസിൽ വിരലടയാളം പതിയാത്തവർ, പത്ത് വയസ്സിൽ താഴെയുള്ള കുട്ടികൾ എന്നിവരെ ആദ്യഘട്ടത്തിൽ നിന്ന് ഒഴിവാക്കി രണ്ടാം ഘട്ടത്തിൽ റേഷൻ വ്യാപാരികളുടെ സഹായത്തോടെ വീട്ടുകളിൽ നേരിട്ടെത്തി മസ്റ്ററിംഗ് നടത്താനാവശ്യമായ ക്രമീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്. കൂടാതെ e KYC അപ്ഡേഷൻ പൂർത്തിയാക്കുന്നതിനുള്ള സമയപരിധി ദീർഘിപ്പിച്ചു നൽകുന്നതിന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ